(എഫ്) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഐ.എം.ജി.യും എസ്.ഐ.എച്ച്.എം.-ൽ കിറ്റ്സും മുഖാന്തിരമാണ് നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയത്. വിനോദ സഞ്ചാര വകുപ്പിലോ അതിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലോ ഏതെങ്കിലും ഏജൻസി മുഖാന്തിരം നിയമനം നടത്തിയിട്ടില്ല.

(ജി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എസ്.സി യുടെ മാനദണ്ഡങ്ങൾ സ്വീകരിച്ചാണ് ലിസ്റ്റ് തയാറാക്കിയത്. SIHM-ൽ എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മറ്റും അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

## കോ-ഓർഡിനേഷൻ കമ്മിറ്റി

**90 (6008)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി മുതലായവർ അംഗങ്ങളായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഏതുതരം വിഷയങ്ങളിലാണ് പ്രസ്തുത കമ്മിറ്റി തീർപ്പുകൽപ്പിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച് നിയമവ്യവസ്ഥകൾ എന്തൊക്കെയെന്നും ഇതു സംബന്ധമായ സർക്കാർ ഉത്തരവുകൾ ഉണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകളുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പും ഇതുസംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ, ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, (ചെയർമാൻ) തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി പട്ടികജാതി-പട്ടിക വർഗ്ഗ-വികസന വകുപ്പ് സെക്രട്ടറി, മെമ്പർ സംസ്ഥാന പ്ലാനിംഗ് ബോർഡ്, പഞ്ചായത്ത് ഡയറക്ടർ നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി 15-2-1999-ലെ ജി. ഒ (പി) നമ്പർ 33/99/എൽ. എ. ഡി. പ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത്. കമ്മിറ്റിയുടെ രൂപീകരണം, ഘടനാ പ്രവർത്തനം, അധികാരാവകാശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുള്ള പ്രസ്തുത സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്.

(ബി) അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളാണ് കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കുന്നത്.

(സി & ഡി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly